# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :3316 — 24.06.2013-ൽ മറുപടിയ്ക്ക്

**ഹരിതകേരളം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. എ വാഹീദ്<br>" അൻവർ സാദത്ത്<br>" ഡൊമിനിക് പ്രസന്റേഷൻ<br>" വി. പി. സജീന്ദ്രൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) ഹരിതകേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഹരിതകേരളം പദ്ധതി എല്ലാ വർഷവും ലോക പരിസ്ഥിതി ദിനമായ ജൂൺ 5 - ന് തുടക്കം കുറിച്ചുവരുന്നു. ഈ വർഷവും ജൂൺ 5 മുതൽ ഹരിതകേരളം പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻകീഴിൽ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, ജൈവവൈവിദ്ധ്യ സംരക്ഷണം, പ്രകൃതി സംരക്ഷണം എന്നിവയെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി സ്കൂളുകൾ, കോളേജുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പത്രമാധ്യമങ്ങൾ, സാമൂഹ്യ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, സർക്കാരിതര സംഘടനകൾ, എൻ.എസ്.എസ്., എൻ.സി.സി , സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവർ വഴി തൈ വിതരണം നടത്തി വരുന്നു കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, റെയിൽവേ എന്നിവയുടെ ലഭ്യമായ സ്ഥലങ്ങളിലും, വഴിയോരങ്ങളിലും വൃക്ഷതൈകൾ നട്ട് പരിപാലിക്കുന്ന പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) വൃക്ഷാവരണം വർദ്ധിപ്പിച്ച് ആഗോളതാപനത്തെ ചെറുക്കുക, മണ്ണ് ജല സംരക്ഷണം ഉറപ്പുവരുത്തുക, സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള തടി, വിറക്, കാലിത്തീറ്റ എന്നിവ ലഭ്യമാക്കുക. വൃക്ഷവൽക്കരണം വന്യജീവി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം |